**പതിനാലാം കേരളനിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2784** 18/06/2018 -ൽ മറുപടിയ്ക്ക്

**<u>മുഴുവൻ വിദ്യാർത്ഥികൾക്കും എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടുന്നതിന് പരിശീലനം</u>**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.ഐ.സി.ബാലകൃഷ്ണൻ: | | പ്രൊഫ.സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ മന്ത്രി) |
| (എ) | അടുത്ത എസ്.എസ്.എൽ. സി പരീക്ഷയെഴുതുന്ന മുഴുവൻ വിദ്യാർത്ഥികൾക്കും എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടുന്നതിന് ഉതകുന്ന ശാസ്ത്രീയ ഇടപെടൽ നടത്തുവാൻ വിദ്യാഭ്യാസ വകുപ്പ് തീരുമാനിച്ചിട്ടുണ്ടോ; | (എ) എല്ലാ വിദ്യാർത്ഥികളിലും മികവുണ്ടാവുന്നതിനും പഠനം ഉറപ്പാക്കുന്നതിനുമുള്ള ഒട്ടേറെ അക്കാദമിക പരിപാടികൾ നിലവിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞവുമായി ബന്ധപ്പെട്ട് നടപ്പാക്കി വരുന്നു. ഇതിനാവശ്യമായ പഠനവിഭവങ്ങൾ ഒരുക്കുന്നതിനും, അദ്ധ്യാപകരെ സജ്ജരാക്കുന്നതിനുമുള്ള വിവിധ പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. |
| (ബി) | ഇക്കാര്യത്തിൽ എന്തൊക്കെ തരത്തിലുള്ള ഇടപെടലുകളാണ് നടത്തുവാൻ ഉദ്ദേശിക്കുന്നത് ; | (ബി) പഠന-ബോധന പ്രക്രിയ ഐ.സി.ടി അധിഷ്ഠിതമാക്കുന്നതിനും, പഠനനേട്ടങ്ങൾക്കനുസൃതമായി പാഠ്യപദ്ധതിയും പാഠഭാഗങ്ങളും മെച്ചപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചു വരുന്നു. ശ്രദ്ധ പദ്ധതിയിൽ ഈ അധ്യയനവർഷം പത്താം ക്ലാസ്സിലെ കുട്ടികളെക്കൂടി ഉൾപ്പെടുത്തും.<br>ഇതിന്റെ ഭാഗമായി അദ്ധ്യാപക ശാക്തീകരണ പരിപാടികളും സംഘടിപ്പിച്ചിരുന്നു. |
| (സി) | എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടുന്നതിന് ഈ വിദ്യാർഥികളെ സഹായിക്കുന്നതിനോടൊപ്പം മത്സര പ്പരീക്ഷകളിലും ഇന്റർവ്യൂകളിലും മികവ് കാണിക്കുന്നതിന് അടിസ്ഥാന പരിശീലനം കൂടി നൽകുന്ന കാര്യം പരിഗണിക്കുമോ? | (സി) എല്ലാ മേഖലകളിലും മികവുപുലർത്തുന്ന സമൂഹത്തെ സൃഷ്ടിക്കുന്ന തരത്തിൽ സ്കൂൾ വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്ന കർമ്മപരിപാടികൾ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി നടപ്പാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ